**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2408** **24-06-2024 - ൽ മറുപടിയ്ക്ക്**

**നീലേശ്വരം-എടത്തോട് റോഡ് നിർമ്മാണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച നീലേശ്വരം-എടത്തോട് റോഡ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | 20/08/2016-ലെ G.O (Rt) No 1192/2016/PWD പ്രകാരം കേരള റോഡ് ഫണ്ട് ബോർഡ് നിർവ്വഹണ ഏജൻസിയായി 25 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ച നീലേശ്വരം - എടത്തോട് റോഡ് പ്രവൃത്തിയ്ക്ക് 16/03/2018-ലെ നടപടിക്രമ ഉത്തരവ് പ്രകാരം 42.10 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നതും, പിന്നീട് 19/06/2023-ലെ നടപടിക്രമ ഉത്തരവ് പ്രകാരം 43.26 കോടി രൂപയുടെ പുതുക്കിയ ധനാനുമതിയും കിഫ്ബി നൽകിയിരുന്നു. 27/11/2018-ന് 42.10 കോടി രൂപയുടെ സാങ്കേതികാനുമതി ലഭ്യമായ പ്രസ്തുത പ്രവൃത്തി 29.85 കോടി രൂപയ്ക്ക് 28/02/2019-ന് കരാർ നൽകുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിരുന്നു. എന്നാൽ പദ്ധതിക്ക് ഉദ്ദേശിച്ച നിർവ്വഹണ പുരോഗതി ഇല്ലാത്തതിനാൽ 29/05/2023-ലെ പ്രോജക്റ്റ് ഡയറക്ടറുടെ നടപടിക്രമ ഉത്തരവ് നം. PDKRFB-KSGD0128 (137R)/1/2022-AE6 പ്രകാരം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ അവസാനിപ്പിച്ചിട്ടുണ്ട് |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരനെ ടെർമിനേറ്റ് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | 20/08/2016-ലെ G.O (Rt) No 1192/2016/PWD പ്രകാരം കേരള റോഡ് ഫണ്ട് ബോർഡ് നിർവ്വഹണ ഏജൻസിയായി 25 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ച നീലേശ്വരം - എടത്തോട് റോഡ് പ്രവൃത്തിയ്ക്ക് 16/03/2018-ലെ നടപടിക്രമ ഉത്തരവ് പ്രകാരം 42.10 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നതും, പിന്നീട് 19/06/2023-ലെ നടപടിക്രമ ഉത്തരവ് പ്രകാരം 43.26 കോടി രൂപയുടെ പുതുക്കിയ ധനാനുമതിയും കിഫ്ബി നൽകിയിരുന്നു. 27/11/2018-ന് 42.10 കോടി രൂപയുടെ സാങ്കേതികാനുമതി ലഭ്യമായ പ്രസ്തുത പ്രവൃത്തി 29.85 കോടി രൂപയ്ക്ക് 28/02/2019-ന് കരാർ നൽകുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിരുന്നു. എന്നാൽ പദ്ധതിക്ക് ഉദ്ദേശിച്ച നിർവ്വഹണ പുരോഗതി |

| | | | |
|---|---|---|---|
| | | | ഇല്ലാത്തതിനാൽ 29/05/2023-ലെ പ്രോജക്റ്റ് ഡയറക്ടറുടെ നടപടിക്രമ ഉത്തരവ് നം. PDKRFB-KSGD0128 (137R)/1/2022-AE6 പ്രകാരം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ അവസാനിപ്പിച്ചിട്ടുണ്ട് |
| (സി) | പ്രസ്തുത പ്രവൃത്തിയിലെ നിർവ്വഹണ പോരായ്മയിൽ കരാറുകാരനെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് വിശദമാക്കാമോ; | (സി) | പ്രസ്തുത പ്രവൃത്തി വേഗത്തിൽ പൂർത്തീകരിച്ച് റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് നിർവ്വഹണ ഏജൻസി കരാറുകാരന് കർശന നിർദ്ദേശം നൽകിയിരുന്നെങ്കിലും, നിർവ്വഹണ പുരോഗതി ഇല്ലാത്തതിനാൽ കരാറുകാരനെ 29/05/2023-ലെ പ്രോജക്റ്റ് ഡയറക്ടറുടെ നടപടിക്രമ ഉത്തരവ് നം. PDKRFB-KSGD0128 (137R)/1/2022-AE6 പ്രകാരം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ അവസാനിപ്പിച്ചിട്ടുണ്ട്. ഇപ്രകാരം നഷ്ടോത്തരവാദിത്വത്തിൽ കരാർ റദ്ദ് ചെയ്തതിനാൽ കരാറുകാരൻ അടയ്ക്കേണ്ട risk & cost തുക 15/04/2024 തീയ്യതിയിൽ നിർവ്വഹണ ഏജൻസി ടിയാനെ അറിയിച്ചിട്ടുള്ളതുമാണ്. |
| (ഡി) | പ്രവൃത്തി പുനരാരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (ഡി) | ശേഷിക്കുന്ന പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് പദ്ധതി നിർവ്വഹണ ഏജൻസി DSR 2016 പ്രകാരം തയ്യാറാക്കി 26/03/2024-ലെ 155-ാമത് ടെക്നിക്കൽ കമ്മിറ്റിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ ആകെ എസ്റ്റിമേറ്റ് ധനാനുമതി തുകയെ അധികരിച്ചതിനാൽ പുതുക്കിയ ധനാനുമതി ലഭ്യമാക്കുന്നതിനായി കിഫ്ബിയിലേക്ക് സമർപ്പിക്കുവാൻ നിർവ്വഹണ ഏജൻസി തീരുമാനിച്ചിരുന്നു. എന്നാൽ 08/04/2024-ലെ PWD-G1/557/2023-PWD നമ്പർ സർക്കാർ കത്ത് പ്രകാരമുള്ള നഷ്ടോത്തരവാദിത്വത്തിൽ റദ്ദ് ചെയ്യുന്ന കരാറുകളുടെ ശേഷിക്കുന്ന പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്ന സമയത്തെ DSR ഉപയോഗിക്കണമെന്ന നിർദ്ദേശമനുസരിച്ച് DSR 2018 പ്രകാരം എസ്റ്റിമേറ്റ് പുതുക്കി ആയത് ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തോടെ പുതുക്കിയ ധനാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുന്നതിന് നടപടികൾ പദ്ധതി നിർവ്വഹണ ഏജൻസി സ്വീകരിച്ചു വരുന്നുണ്ട്. പദ്ധതി നിർവ്വഹണ ഏജൻസി പ്രൊപ്പോസൽ സമർപ്പിയ്ക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി ജനറൽ ബോഡി/ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി പുതുക്കിയ ധനാനുമതി നൽകുന്നതിന് കിഫ്ബി നടപടികൾ സ്വീകരിക്കുന്നതാണ്. പുതുക്കിയ ധനാനുമതി ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്ത് പ്രവൃത്തി |

| | | | |
|---|---|---|---|
| | | | പുനരാരംഭിക്കുന്നതിനുള്ള നടപടികൾ പദ്ധതി നിർവ്വഹണ ഏജൻസി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ